# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭ ചോദ്യം നം. *302 – 21/06/2018 -ലെ മറുപടിക്ക്

## സി.ആന്റ്.എ.ജി. റിപ്പോർട്ടിലെ പരാമർശം

**ചോദ്യം** | **ഉത്തരം**

ശ്രീ. ഹൈബി ഈഡൻ
ശ്രീ. വി. ഡി. സതീശൻ
ശ്രീ. റോജി എം. ജോൺ
ശ്രീ. അനിൽ അക്കര

ഡോ. ടി. എം. തോമസ് ഐസക്
(ധനകാര്യവും കയറും വകുപ്പുമന്ത്രി)

| | ചോദ്യം | ഉത്തരം |
|---|---|---|
| എ | 2015-16 നെ അപേക്ഷിച്ച് 2016-17 ൽ സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി മോശപ്പെട്ടു എന്ന സി.ആന്റ്.എ.ജി. റിപ്പോർട്ടിലെ അതീവ ഗൗരവമുള്ള കണ്ടെത്തൽ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | 2016-17 ൽ ഉയർന്നു നിന്ന മൂന്ന് സുപ്രധാന സാമ്പത്തിക പരിമാത്രകൾ - റവന്യൂ ധന. പ്രാഥമിക കമ്മികളുടെ അടിസ്ഥാനത്തിൽ 2015-16 മായി താരതമ്യം ചെയ്യുമ്പോൾ 2016-17 ൽ സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി മോശപ്പെട്ടു എന്ന സി.ആന്റ്.എ.ജി. റിപ്പോർട്ടിലെ പരാമർശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി | 2016-17 സാമ്പത്തിക വർഷത്തിൽ സുപ്രധാനമായ സാമ്പത്തിക പരിമാത്രകളായ ധനകമ്മി, റവന്യൂ കമ്മി, മൊത്തം കടം എന്നിവ അനിയന്ത്രിതമായി ഉയർന്നു എന്നത് വസ്തുതയാണോ; എങ്കിൽ ഇത് ധനകാര്യവകുപ്പിന്റെ വീഴ്ചയായി കണക്കാക്കാമോ; | കേന്ദ്ര സർക്കാരിന്റെ നോട്ട് പിൻവലിക്കൽ നടപടി കാരണം സംസ്ഥാന സമ്പദ്‌വ്യവസ്ഥയിൽ ഉണ്ടായ പ്രതിസന്ധി, കുറഞ്ഞുവരുന്ന സംസ്ഥാന തനത് നികുതി വരുമാനത്തിന്റെ വളർച്ചാ നിരക്കിനെ കൂടുതൽ മോശാവസ്ഥയിലാക്കുവാൻ ഇടയാക്കി. ഇത് കാരണം ബജറ്റിൽ ലക്ഷ്യമിട്ടിരുന്നതു പോലെ നികുതി പിരിച്ചെടുക്കാൻ കഴിയാതിരുന്നതും തന്മൂലം നികുതി പിരിവിലുണ്ടായ കുറവും, ശമ്പളം, പെൻഷൻ, പലിശ എന്നീ ഇനങ്ങളിലെ ചെലവിൽ ഉണ്ടായ വർദ്ധനവ്, 10-ാം ശമ്പള പരിഷ്കരണം മൂലമുണ്ടായ അധിക സാമ്പത്തിക ബാദ്ധ്യത എന്നിവ മൂലം റവന്യൂ ചെലവ് വർദ്ധിക്കുവാൻ ഇടയാക്കിയതുമാണ് പ്രധാനമായും റവന്യൂ കമ്മിയും ധന കമ്മിയും വർദ്ധിക്കുവാൻ കാരണമായത്. കൂടാതെ ക്ഷേമ പെൻഷൻ കുടിശ്ശിക, കരാറുകാർക്കുള്ള കുടിശ്ശിക, കെ.എസ്.ആർ.റ്റി.സി. യ്ക്ക് നൽകിയ അധിക ധനസഹായം എന്നീ ഇനത്തിലുള്ള ചെലവുകൾ കൊടുത്തു തീർക്കേണ്ടിവന്നതും റവന്യൂ കമ്മിയും ധന കമ്മിയും വർദ്ധിക്കുവാൻ ഇടയാക്കിയിട്ടുണ്ട്. വിവിധ വകുപ്പുകളും സ്വയംഭരണ സ്ഥാപനങ്ങളും അവർക്കനുവദിച്ചിട്ടുള്ളതും എന്നാൽ ചെലവഴിക്കാത്തതുമായ പദ്ധതിവിഹിതം നഷ്ടപ്പെടാതിരിക്കുന്നതിനായി സാമ്പത്തിക വർഷത്തിന്റെ അവസാന കാലയളവുകളിൽ പബ്ലിക് അക്കൗണ്ടിലേയ്ക്ക് വകമാറ്റിയത് കടബാദ്ധ്യത (പബ്ലിക് |
| സി | മിതകാല സാമ്പത്തിക പദ്ധതിയിലെ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് സർക്കാർ പരാജയപ്പെട്ടുവെന്ന സി.ആന്റ്.എ.ജി. റിപ്പോർട്ടിലെ പരാമർശം സർക്കാരിന് തിരിച്ചടിയാണെന്ന് കരുതുന്നുണ്ടോ; വ്യക്തമാക്കുമോ? | |

| | | |
|---|---|---|
| | | അക്കൗണ്ടിലെ നീക്കിയിരിപ്പ് ഉൾപ്പെടെ) വർദ്ധിക്കുന്നതിന് ഇടയാക്കിയിട്ടുണ്ട്. കണക്കുകൾ പ്രകാരം സംസ്ഥാനത്തിന്റെ മൊത്തം കട ബാദ്ധ്യത / ജി.എസ്.ഡി.പി. അനുപാതം 2016-17 ൽ 30.22 ശതമാനമാണ്. എന്നാൽ ഇത് 14-ാം ധനകാര്യ കമ്മീഷൻ ശുപാർശ ചെയ്തിട്ടുള്ള കടബാദ്ധ്യത / ജി.എസ്.ഡി.പി. അനുപാത ലക്ഷ്യമായ 30.84 ശതമാനത്തിനുള്ളിൽ തന്നെ നിലനിർത്താൻ കഴിഞ്ഞിട്ടുള്ളതിനാൽ മൊത്തം കടബാദ്ധ്യത ക്രമാതീതമായി വർദ്ധിച്ചുവെന്ന് പറയാൻ കഴിയുകയില്ല. |

സെക്ഷൻ ഓഫീസർ